# അക്കാദമിക
# മാസ്റ്റർ പ്ലാൻ

DRAFT COPY

## പി. റ്റി. എം. യു. പി. എസ് ആക്കൽ

## 2025 - 26

DRAFT COPY

## ആമുഖം

കാലത്തിന്റെ മുഖച്ഛായ മാറുന്നത് സാമൂഹിക പരിഷ്കരണത്തിലൂടെയാണ്. സാമൂഹിക പരിഷ്കരണം സാധ്യമാകുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ വേണ്ടി നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ വിദ്യാഭ്യാസ മേഖലക്ക് പുത്തനുണർവ്വ് സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. അക്കാദമിക പ്രവർത്തനങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങളിലൂടെ പ്രധാന ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും അറിവും, കഴിവും അതത് പ്രായത്തിനനുസരിച്ചുള്ള പഠനപ്രവർത്തനങ്ങളിലൂടെ ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കേണ്ടതുണ്ട്. ഇതിനായി ഓരോ സ്കൂളും നൂതനമായ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഈ പശ്ചാത്തലം പ്രയോജനപ്പെടുത്തി, ആത്മാർത്ഥതയോടെയും, അർപ്പണ ബോധത്തോടുകൂടിയും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്ന കർമ്മ നിരതമായ ഒരു കൂട്ടം അധ്യാപകർ നയിക്കുന്ന ഒരു വിദ്യാലയമാണ് ആക്കൽ പി.റ്റി.എം.യു.പി.എസ്.

## ഉള്ളടക്കം


| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ ലഘു ചരിത്രം | 4 |
| 2. | വിദ്യാലയം - മികവുകളിലൂടെ | 4 |
| 3. | അവസ്ഥാവിശകലനം | 5 |
| 4. | ലക്ഷ്യങ്ങൾ | 6 |
| 5. | അക്കാദമിക മാസ്റ്റർപ്ലാൻ - മലയാളം | 7 - 10 |
| 6. | അക്കാദമിക മാസ്റ്റർപ്ലാൻ - ഇംഗ്ലീഷ് | 11 - 14 |
| 7. | അക്കാദമിക മാസ്റ്റർപ്ലാൻ - ഹിന്ദി | 15 |
| 8. | അക്കാദമിക മാസ്റ്റർപ്ലാൻ - വിവരസാങ്കേതിക വിദ്യ | 16 |
| 9. | അക്കാദമിക മാസ്റ്റർപ്ലാൻ - അറബിക് | 17 |
| 10. | അക്കാദമിക മാസ്റ്റർപ്ലാൻ - സംസ്കൃതം | 18 |
| 11. | അക്കാദമിക മാസ്റ്റർപ്ലാൻ - ഉറുദു | 19 - 20 |
| 12. | അക്കാദമിക മാസ്റ്റർപ്ലാൻ - ശാസ്ത്രം | 21 - 22 |
| 13. | അക്കാദമിക മാസ്റ്റർപ്ലാൻ - സാമൂഹികശാസ്ത്രം | 23 - 25 |
| 14. | അക്കാദമിക മാസ്റ്റർപ്ലാൻ - ഗണിതം | 26 |
| 15. | ഭൗതിക മാസ്റ്റർപ്ലാൻ | 27 - 29 |


DRAFT COPY

## വിദ്യാലയത്തിന്റ ലഘുചരിത്രം

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ വെളിനല്ലൂർ വില്ലേജിൽ ആക്കൽ വാർഡിൽ ഉൾപ്പെട്ടതാണ് പി.റ്റി.എം.യു.പി.എസ്. വെളിനല്ലൂർ പഞ്ചായത്തിലെ റോഡുവിള, കട്ടേനിൽ, പെരുംപുറം, ഓയൂർ, ഇളമാട് പഞ്ചായത്തിലെ ചെറിയ വെളിനല്ലൂർ, കാരാളികോണം, അർക്കന്നൂർ, പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ ഈരാറ്റിൽ, മൂതല എന്നീ സ്ഥലങ്ങളിൽ നിന്നെല്ലാം വിദ്യാർത്ഥികൾ പഠനത്തിനായി ഈ സ്കൂളിൽ എത്തുന്നുണ്ട്.

1979 ൽ ആരംഭിച്ച ഒരു അപ്പർ പ്രൈമറി സ്കൂളാണിത്. ഇന്നത്തേതിൽ നിന്ന് വളരെയധികം പിന്നോക്കാവസ്ഥയിലുള്ള ഒരു സാമൂഹിക പശ്ചാത്തലമായിരുന്നു അന്നുണ്ടായിരുന്നത്. പ്രാഥമിക വിദ്യാഭ്യാസം തേടി വളരെ അകലെയുള്ള സ്കൂളുകളിലേക്ക് കുട്ടികളെ അയക്കേണ്ടി വന്ന സാഹചര്യത്തിൽ ആക്കൽ വാർഡിലെ ഷൈജു മൻസിലിൽ ശ്രീ. അലിക്കുഞ്ഞ് അവർകളുടെ നേതൃത്വത്തിൽ ഒരു കൂട്ടം സാമൂഹിക പ്രവർത്തകരുടെ കൂട്ടായ്മയിലൂടെ നിലവിൽ വന്ന ഒരു സ്കൂളാണിത്. 2011 ൽ സ്കൂളിന്റെ ഉടമസ്ഥാവകാശം മറ്റൊരു മാനേജർ ഏറ്റെടുക്കുകയും 2012 ൽ ന്യൂനപക്ഷ പദവി ലഭിക്കുകയും ചെയ്തു. 2011 മുതൽ ഈ സ്കൂളിന്റെ മാനേജർ ശ്രീമതി ഷബ്നം അൻവർ ആണ്.

## വിദ്യാലയം- മികവുകളിലൂടെ

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രവർത്തനങ്ങളെ ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉന്നതനിലവാരം പുലർത്തുന്ന നിരവധി പ്രതിഭകളെ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ള ഈ കലാലയം വെളിയം സബ്ജില്ലയിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന ഒന്നാണ്. അക്കാദമിക പ്രവർത്തനങ്ങൾക്കൊപ്പം കലാ- കായിക പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്ന ആക്കൽ പി.റ്റി.എം.യു.പി.എസ്സ് ശാസ്ത്ര- ഗണിത ശാസ്ത്ര മേഖലകളിലും, കലാമേളകളിലും മികച്ച നിലവാരം പുലർത്തിവരുന്നു. തുടർച്ചയായി അറബിക് കലോത്സവത്തിൽ ഓവറാൾ നേടുവാനും സബ്ജില്ല പ്രവർത്തി പരിചയ മേളയിലും ജില്ലാ തലത്തിലുള്ള വിവിധ മത്സരങ്ങളിലും തിളക്കമാർന്ന വിജയം കൈവരിക്കുവാനും സാധിച്ചിട്ടുണ്ട്.

DRAFT COPY

## അവസ്ഥാവിശകലനം

കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. നിശ്ചിത ഇടവേളകളിൽ നടത്തപ്പെടുന്ന അദ്ധ്യാപക രക്ഷകർത്തൃ മീറ്റിംഗുകൾ, ബോധവൽകരണ ക്ലാസുകൾ, ദിനാചരണങ്ങൾ, അതിഥി ക്ലാസുകൾ, ഫീൽഡ് ട്രിപ്പുകൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, ഭാഷാധിഷ്ഠിതമായി നടത്തിവരുന്ന അസംബ്ലികൾ, ചോദ്യോത്തരപ്പെട്ടി, പത്രക്വിസ്, ഇന്നത്തെ ചോദ്യം, സ്കൂൾ വാർത്തകൾ തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്കാവശ്യമായ പഠന പിന്തുണ നൽകിവരുന്നു. പഠനയാത്രകൾ, പ്രകൃതി നിരീക്ഷണം, കാർഷിക സംസ്കാരം വളർത്താനുതകുന്ന പ്രവർത്തനങ്ങൾ, കർഷകരെ ആദരിക്കൽ, അഭിമുഖം തുടങ്ങിയവയും നടന്നുവരുന്നു.

വിവരസാങ്കേതിക വിദ്യാഭ്യാസരംഗത്തും കാലാനുസൃതമായ മാറ്റങ്ങളിലൂടെ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാഭ്യാസ വകുപ്പും കൈറ്റ് വിക്ടേഴ്സും നൽകിയ കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും കുട്ടികളുടെ ഐ.ടി പഠനത്തിന് കൂടുതൽ സഹായകമാകുന്നു. ഒരു അഞ്ചാം ക്ലാസ് മാത്രമായി പ്രവർത്തനമാരംഭിച്ച ഈ സ്കൂൾ ഇന്ന് 5, 6, 7 ക്ലാസുകളിലായി 6 ഡിവിഷനുകൾ ഉൾക്കൊള്ളുന്ന ഒരു മികവാർന്ന വിദ്യാലയമായി മുന്നേറുന്നു. അറബ്, ഉറുദു, സംസ്കൃതം, ഹിന്ദി എന്നീ ഭാഷാധ്യാപകരും ഒരു ഓഫീസ് സ്റ്റാഫും ഉൾപ്പെടെ 12 ജീവനക്കാർ ഉൾപ്പെടുന്നതാണ് ഈ വിദ്യാലയം.

DRAFT COPY

DRAFT COPY

## ലക്ഷ്യങ്ങൾ

1. ഭാഷാപരമായ ശേഷികളുടെ വികസനം
2. ഗണിതപരമായ ശേഷികളുടെ വികസനം
3. ശാസ്ത്രാഭിരുചി വളർത്തൽ
4. കുട്ടികളിൽ ജനാധിപത്യബോധം വളർത്തൽ
5. കുട്ടികളിൽ തുല്യത ഉറപ്പാക്കുക
6. സംഗീതം, ചിത്രം, അഭിനയം എന്നീ മേഖലകളിൽ മികച്ച കുട്ടികളെ കണ്ടെത്തി പരിശീലനം നൽകൽ
7. കുട്ടികളുടെ ആരോഗ്യ കായിക ശേഷികൾക്കാവശ്യമായ പരിശീലനം നൽകൽ
8. വായനയിലും എഴുത്തിലും മുൻപന്തിയിലാക്കുക
9. ഐ.ടി അധിഷ്ഠിത പഠനാനുഭവങ്ങൾ ഉറപ്പുവരുത്തുക
10. കലാ- കായിക പ്രവർത്തി പരിചയ വിദ്യാഭ്യാസം വളർത്തിയെടുക്കൽ
11. ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം
12. വിവിധ ക്ലബ്ബുകൾ, ജെ.ആർ.സി, സ്കൗട്ട് ആന്റ് ഗൈഡ് തുടങ്ങിയവ ശക്തിപ്പെടുത്തൽ
13. സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളുടെ കൃത്യമായ ആസൂത്രണം
14. സ്കൂൾ ശാസ്ത്രലാബ് നവീകരണം
15. ലൈബ്രറി നവീകരണം
16. വായനയിലേയും എഴുത്തിലേയും വിവിധ തലങ്ങൾ പരിചയപ്പെടുക, മുഴുവൻ കുട്ടികളിലും ഗണിത അഭിരുചി വളർത്തുക
17. എല്ലാ കുട്ടികളും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക
18. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
19. ധാർമ്മിക മൂല്യബോധം വളർത്തിയെടുക്കുക
20. ആരോഗ്യ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക
21. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക
22. ടാലന്റ് ലാബ് പ്രവർത്തനങ്ങൾ
23. ജൈവവൈവിധ്യപാർക്ക്- ഹരിത പരിസരം, സസ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് നിരീക്ഷണ പരീക്ഷണങ്ങൾക്കുള്ള ശേഷി വളർത്തിയെടുക്കുക.

# ENGLISH

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To encourage <u>Listening & Speaking.</u><br><br>Introduce different genres (fiction, non- fiction, poetry)<br>Enhance vocabulary.<br>Enhance listening skills. | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build word knowledge. | June | English Teachers | English Club |
| To encourage <u>Reading</u><br>Develop basic reading, writing, listening, and speaking skills.<br><br>Cultivate effective communication skills for various contexts. | Interactive Reading Circles:<br><br>Divide students into small groups and provide them with age-appropriate texts, such as short stories or excerpts from novels.<br><br>Each group reads the assigned text together and discusses key elements like plot, characters, and themes. | | | |
| | Encourage students to take turns reading aloud and share their interpretations and reactions to the text.<br><br>After discussions, each group presents a summary or analysis of their assigned text to the class.<br><br>Guided reading sessions with comprehension questions.<br>Listening comprehension exercises using audio stories. | July | | |

(2)

| | | | | |
|---|---|---|---|---|
| To develop <u>Writing Skills</u><br>Introduce grammatical concepts such as parts of speech, tenses, and sentence structure.<br>To develop basic Grammar rules.<br>Focus on sentence structure, punctuation, and grammar.<br><br>Expand vocabulary through reading and interactive activities.<br><br>Introduce different types of writing: narrative, descriptive, persuasive, etc. | Debates and presentations for advanced speaking practice.<br><br>Expanding vocabulary with context clues from passage.<br><br>Improve sentence structure.<br><br>Practice for simple creative writing tasks like descriptive paragraphs, short stories, and simple poetry.<br><br>Projects and research assignments to foster critical thinking.<br><br>Focus on developing paragraphs and essays.<br>Teach persuasive writing techniques and argumentation.<br><br>Preparing and delivering speeches.<br>Listening to and analysing different media sources.<br><br>Interactive grammar games.<br>Structured grammar lessons with examples and practice exercises.<br>Worksheets on parts of speech, punctuation and sentence types. | August-December<br><br>January - February | English Teachers | English Club |

| | | | | |
|---|---|---|---|---|
| Language Games, puzzles and Activities: | Integrate language games and activities to reinforce vocabulary, grammar, and language skills in an engaging way.<br><br>For example, play word association games, charades, or vocabulary bingo to practice new words and concepts.<br><br>To create their own poems, stories, dictionary etc and present it to the class. | | English Teachers | English Club |
| Differentiation and Support: | Recognize and accommodate the diverse learning needs of students through differentiated instruction, including accommodations and modifications for specially abled students and gifted learners.<br><br>Provide additional support and resources such as small-group instruction, tutoring, peer mentoring, and remedial programs to help struggling students and challenge advanced learners.<br><br>Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths. | Throughout the year | | |

| | | | | |
|---|---|---|---|---|
| Assessment and Feedback: | Collaborate with learning support specialists, language teachers, and other support staff to ensure inclusive practices and provide targeted support for students with specific learning needs.<br><br>Design a range of assessment tasks and tools to measure students' language proficiency, comprehension, and writing skills, including formative and summative assessments.<br><br>Use a variety of assessment methods such as quizzes, tests, essays, presentations, projects, and performance tasks to assess different aspects of language learning.<br><br>Provide timely and constructive feedback to students that highlights their strengths, identifies areas for improvement, and suggests strategies for further development.<br><br>Involve students in self-assessment and reflection activities to promote ownership of their learning process.<br><br>Use assessment data to inform instructional planning, identify learning gaps, and differentiate instruction to meet individual student needs.<br><br>Provide resources and tips for parents on how to support their child's literacy | Throughout the year | English Teachers | English Club |

(5)

| | | | | |
|---|---|---|---|---|
| Parent Involvement | development at home, including book recommendations, reading strategies, and language enrichment activities.<br><br>Showcase students' and parents' writing through publications, newsletters, or school-wide writing anthologies to celebrate their achievements and foster a culture of writing.<br><br>Encourage parents with expertise in English language teaching, literacy, or language acquisition to share their knowledge and skills with students and teachers.<br><br>Collaborate with parents to create English language learning materials, such as flashcards, games, or resource packs, that can be used in the classroom or sent home for additional practice. | | English Teacher<br><br>English Teachers & PTA Members & parents | English Club |

17

# SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip** ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

# അടിസ്ഥാന ശാസ്ത്രം

**മേഖല** : യു.പി. സയൻസ്

**ഉപമേഖല** : ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവ ർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികളിലും ശാസ്ത്രാഭി മുഖ്യം വളർത്തുന്നതിനും പരി സ്ഥിതി സൗഹൃദ മനോഭാവം വളർത്താനുമുള്ള ശേഷി വിക സിപ്പിക്കൽ | • പരിസ്ഥിതി ദിനാചരണം<br>• വൃക്ഷത്തൈ വിതരണം<br>• ഔഷധത്തോട്ട നിർമ്മാണം, സജ്ജീകര ണം,പരിപാലനം<br>• അടുക്കളത്തോട്ട നിർമ്മാണം<br>• ജൈവ വൈവിധ്യ പാർക്ക് വിപുലീകരണം<br>• പച്ചക്കറിത്തോട്ടം<br>• ശാസ്ത്രക്ലബ്ബ്, പരി സ്ഥിതി ക്ലബ്ബ് | ജൂൺ ആദ്യവാരം<br>ജൂൺ → മാർച്ച്<br>ജൂൺ → മാർച്ച് | പരിസ്ഥിതി ക്ലബ്ബ്<br>പരിസ്ഥിതി ക്ലബ്ബ്<br>പരിസ്ഥിതി ക്ലബ്ബ്<br>ശാസ്ത്ര ക്ലബ്ബ് കൺവീനർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 2) ശാസ്ത്ര പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന ലക്ഷ്യങ്ങൾ നേടുന്നതിനും എല്ലാ ക്ലാസ്സുകളിലും ശാസ്ത്രമൂല/ശാസ്ത്ര കിറ്റ് ഉറപ്പാക്കൽ | • ശാസ്ത്ര കിറ്റിലെ മെറ്റീരിയലുകൾ തയ്യാറാക്കൽ<br>• ആവശ്യമായ സാമഗ്രികൾ വയ്ക്കൽ<br>• ശാസ്ത്ര പഠനോപകരണ നിർമ്മാണം<br>• ശാസ്ത്ര കിറ്റ്, ശാസ്ത്രമൂല ഇവ സജ്ജീകരിക്കൽ<br>• 5,6,7, ക്ലാസ്സിലെ പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ<br>• സാമഗ്രികൾ ശേഖരിക്കൽ<br>• നിർമ്മാണം | ജൂൺ<br>↓<br>മാർച്ച് | ശാസ്ത്രാധ്യാപകൻ<br>H.M<br>ശാസ്ത്രാധ്യാപിക<br>വിദ്യാർത്ഥികൾ | |

26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3) ശാസ്ത്ര പ്രവർത്തനങ്ങളിൽ ITC സാധ്യത ശാസ്ത്ര പഠന ഗവേഷണാത്മകമാക്കാനുള്ള ശേഷി കൈവരിക്കൽ | • ക്ലബ്ബുകളിൽ ITC ക്രമീകരണം<br>• ശാസ്ത്ര സംബന്ധിയായ ചിത്രങ്ങൾ / വീഡിയോകൾ എന്നിവ ശേഖരിക്കൽ<br>• വിവര ശേഖരണങ്ങക്കായി ഇന്റർനെറ്റ് ഉപയോഗിക്കൽ<br>• കുട്ടികൾക്ക് ITC ഉപയോഗിക്കാനുള്ള അവസരം നൽകൽ<br>• പ്രോജക്ടുകൾ / അസൈൻമെന്റുകൾ എന്നിവ തയ്യാറാക്കുന്നതിൽ വിഷയം തെരഞ്ഞടുക്കൽ, വിവര ശേഖരണം | ജൂൺ ↓ മാർച്ച്<br>ജൂൺ ↓ മാർച്ച് | ശാസ്ത്രാധ്യാപകർ<br>IT- കോർഡിനേറ്റർ<br>ശാസ്ത്ര ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4) ശാസ്ത്ര ചുമർ നിർമ്മാണം | • ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ നിർമ്മാണം<br>• ചിത്ര കല<br>• ശാസ്ത്രമാസിക നിർമ്മാണം | ജൂൺ<br>↓<br>മാർച്ച് | ശാസ്ത്രാദ്ധ്യാപകർ | |
| 5) ശാസ്ത്ര ക്ലാസ്സ് സംഘടിപ്പിക്കൽ | • ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട് സെമിനാർ പതിപ്പ്, പോസ്റ്റർ ക്വിസ് ഇവയുടെ മത്സരം സംഘടിപ്പിക്കുക. | ജനുവരി<br>↓<br>മാർച്ച് | ശാസ്ത്രാദ്ധ്യാപകർ | |

| ലക്ഷ്യം | പ്രവ ർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6) ശാസ്ത്ര പരീക്ഷണങ്ങളോട് ആഭിമുഖ്യമുണ്ടാകുന്നതിനും ശാസ്ത്ര ലാബ് സജ്ജീകരിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കൽ. | • ശാസ്ത്രലാബ് സജ്ജമാക്കൽ<br>• ശാസ്ത്ര കിറ്റിൽ സൂക്ഷിക്കേണ്ടവ ലാബിൽ സൂക്ഷിക്കേണ്ടവ ലിസ്റ്റ് ചെയ്ത് തരം തിരിക്കൽ.<br>• മോഡലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>• ലഘുപരീക്ഷണം | ജൂൺ<br>↓<br>ആഗസ്റ്റ്<br>ഡിസംബർ | ശാസ്ത്രാധ്യാപകർ<br>വിദ്യാർത്ഥികൾ | |

# ഗണിതം

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താത്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര, സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം** ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |



35

# മലയാളം

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ദ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

[illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.** വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# P T M U P SCHOOL AKKAL 2025- 2026

മേഖല യു.പി.ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ, ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന : തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനയ്ക്ക് ............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>**Readery Fight** മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

45

# अक्कादमिक मास्टप्लान्

# ।।संस्कृतम्।।

# അക്കാദമിക് മാസ്റ്റർപ്ലാൻ

2025-26

**മേഖല - ഭാഷാപരം**

**ഉപമേഖല - സംസ്കൃതം**

# അക്കാദമിക് മാസ്റ്റർപ്ലാൻ

മേഖല - അക്കാദമികം യു.പി

ഉപമേഖല - സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ.<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തൽ.<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ.<br>• സംസ്കൃതദിനാചരണം/ അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്സ്.<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപ്പയറ്റ്, നിഘണ്ടുനിർമ്മാണം, മാഗസിൻ നിർമ്മാണം, ദിനാചരണങ്ങൾ, പോസ്റ്റർനിർമ്മാണം, കഥ - ഉപന്യാസം രചിക്കൽ &അവതരണം<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച്/ ശേഖരിച്ച് പതിപ്പുകൾ തയാറാക്കൽ ...<br>• വിവിധകലാരൂപങ്ങളുടെ അവതരണം. | ജൂൺ- മാർച്ച് | പുസ്തകങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ ... | |

## അക്കാദമിക മാസ്റ്റർപ്ലാൻ
### പ്രോജക്ട് സംസ്കൃതം

- **സംസ്കൃതം ലൈബ്രറി**

  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്രഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃതലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**

  സംസ്കൃതദിനം വിവിധപരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത സംഭാഷണശിബിരം**

  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ

- **പഠനയാത്രകൾ**

  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മൽസരങ്ങൾ**

  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മൽസരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ചവിദ്യാർത്ഥികൾക്ക് മൽസരപരീക്ഷകൾക്കുള്ള പ്രത്യേകപരിശീലനം**

  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു.എസ്.എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേകം പരിശീലനം നൽകൽ.

- **ഐ.സി.ടി സാദ്ധ്യതകളെ പ്രയോജനപ്പെടുത്തൽ.**

  വിക്ടേഴ്സ് ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തൽ.

  സംസ്കൃതം സിനിമകൾ, ഹ്രസ്വചലച്ചിത്രങ്ങൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ

# URDU

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഭാഷ കേൾക്കൽ, ആസ്വദിക്കൽ | ഡിജിറ്റൽ ലൈബ്രറിയുടെ സഹായത്തോടെ കഥ, കവിത, ഗസൽ, സംഭാഷണ ക്ലിപ്പുകൾ കേൾപ്പിക്കൽ,<br>ബാല സഭ സംഘടിപ്പിക്കൽ | മാസത്തിൽ ഒരു പിരിയ്ഡ് | സബ്ജക്ട് കൗൺസിൽ, ഉർദു ക്ലബ്ബ് പ്രവർത്തകർ |
| 2 | വായന | ഏഴാം തരം കഴിഞ്ഞ് പുറത്തിങ്ങുന്ന എല്ലാകുട്ടികൾക്കും ഉർദു ഒഴുക്കോടെ വായിക്കാൻ കഴിയും എന്ന് ഉറപ്പാക്കൽ<br>വായന മത്സരങ്ങൾ നടത്തൽ<br>ബാല മാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വർഷം | സബ്ജക്ട് കൗൺസിൽ |
| 3 | ഭംഗിയുള്ള കൈ എഴുത്ത് | * ഉർദുവിൽ മികച്ചതും ഭംഗിയുള്ളയുമായ കൈ എഴുത്ത് എന്ന ലക്ഷ്യ പൂർത്തീകരണത്തിന് വേണ്ടി പ്രത്യേക പരിശീലനം<br>* ക്ലാസ് കയ്യെഴുത്ത് മാസിക<br>*ചുമർ പത്രിക നിർമാണം<br>* വായന കാർഡ് നിർമാണം | എല്ലാ മാസവും<br><br>ടേം ൽ 1 വീതം | ക്ലാസ് തല റിസോഴ്സ് ഗ്രൂപ്പ്. |
| 4 | ഉർദു ടൈപ്പിംഗ് | ഏഴാം തരം കഴിഞ്ഞ് പുറത്തിങ്ങുന്ന എല്ലാകുട്ടികൾക്കും ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ<br>പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ | ഒരു വർഷം | സബ്ജക്ട് കൗൺസിൽ |
| 5 | ഉർദു പത്രം | ക്ലാസ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി ഡിജിറ്റൽ സുവനീർ തയ്യാറാക്കൽ | മാസത്തിൽ ഒരോന്ന് വീതം | ഉർദു ക്ലബ്ബ് |
| 6 | ഉർദു പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി നോട്ടീസ് ബോർഡിൽ ഒരോ ആഴ്ചയിലും ചോദ്യങ്ങളും ഉത്തരങ്ങളും പ്രദർശിപ്പിക്കൽ, ഇതിലെ ചോദ്യങ്ങൾ ഉൾപ്പെടുത്തി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ | എല്ലാ മാസവും | ഉർദു ക്ലബ്ബ് |
| 7 | ഗസൽ & മുശാഇറ | ഉർദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും ഗസൽ പരിശീലനവും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക | ഏപ്രിൽ-മെയ് | എസ്.ആർ. ജി |
| 8 | സാഹിത്യ ക്യാമ്പ് | കുട്ടികളുടെ രചനാ പരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക<br>ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | ഒക്ടോബർ മാസം | ഉർദു സബ്ജക്ട് കൗൺസിൽ |
| 9 | നാടക പരിശീലനം | പാഠപുസ്തകത്തിലെ നാടകങ്ങളേയും കഥകളേയും അടിസ്ഥാനപ്പെടുത്തി സ്ക്രിപ്റ്റ് തയ്യാറാക്കി കുട്ടികളിൽ അഭിനയ കഴിവ് പരിപോഷിപ്പിക്കും വിധം പരിശീലനം സംഘടിപ്പിക്കൽ | ഡിസംബർ | ഉർദു സബ്ജക്ട് കൗൺസിൽ |
| 10 | ഉർദു പ്രസംഗ പരിശീലനം | കുട്ടികൾക്ക് സദസ്സിന് മുമ്പിൽ സംസാരിക്കാനുള്ള കഴിവ് പരിപോഷിപ്പിക്കുക എന്നലക്ഷ്യത്തോടെ പ്രസംഗത്തിൽ തല്പരരായ കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുക .ഈ കുട്ടികളെ ഉപയോഗിച്ച് ദിനാചരണങ്ങളുമായും മറ്റും ബന്ധപ്പെട്ട് വിവിധ ക്ലാസുകളിലും സ്കൂൾ അസംബ്ലിയിലും പ്രസംഗിക്കാൻ അവസരം ഒരുക്കുക | വർഷം മുഴുവൻ | ഉർദു സബ്ജക്ട് കൗൺസിൽ |
| | ഉർദു | ഉർദു കുട്ടികൾ പഠിക്കുന്ന ക്ലാസുകളിലെ ക്ലാസ് | 1 വർഷം | പി.ടി.എ. |

| | | | |
|---|---|---|---|
| ം | കുട്ടികളുടേയും രക്ഷിതാക്കളുടേയും പിടിഎ യുടേയും സഹകരണത്തോടെ സ്കൂൾ തല ഉർദു ലൈബ്രറി സജ്ജീകരിക്കുക | | ന ക |
| ദു റ്റൽ ബ്രറി | ഉർദു കവിത, ഗസലുകൾ, സംഘഗാനങ്ങൾ കാർട്ടൂൺ വീഡിയോ , സംഭാഷണ, വീഡിയോ ക്ലിപ്പുകൾ, ടെലിഫിലിമുകൾ തുടങ്ങിയവ ഉൾപ്പെടുത്തി ഉർദു ഡിജിറ്റൽ ലൈബ്രറി ആരംഭിക്കുക . ഇടവേളകളിലും ദിനാചരണ സമയങ്ങളിലും പ്രദർശിപ്പിക്കുക | ഒരു വർഷം | ഉ ന ക പ റ |
| ിസ് ർഡ് | ഉർദു ക്ലബ്ബ് വാർത്തകളും വിവരങ്ങളും, ഉർദു ഭാഷയുമായി ബന്ധപ്പെട്ട പൊതു വാർത്തകളും സ്കൂളിലെ എല്ലാവരിലുമെത്തിക്കാൻ നോട്ടീസ് ബോർഡ് സ്ഥാപിക്കൽ. ആവശ്യാനുസരണം വിവരങ്ങൾ പ്രദർശിപ്പിക്കുക | | ഉ ന ക റ |
| ാക്യ ‍ ാവ ണ സ് | ഉർദു പഠനത്തിൽ കുട്ടികളെ സഹായിക്കാനുതകും വിധം ഉർദു പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുക.<br>ഉർദു പ്രദർശനം സംഘടിപ്പിക്കുക | ആഗസ്റ്റ്<br><br>ഫെബ്രുവരി | ഉ ന ക |
| ഷാ ണം, മിഷ ദർ ക്ക | ഉർദു ഭാഷാ പ്രചരണവും സ്കൂളുകളിലേക്ക് ഉർദു പഠിക്കുന്ന കുട്ടികളേ ആകർഷിപ്പിക്കുവാനും സമീപ പ്രൈമറി സ്കൂളുകളിലും രക്ഷിതാക്കൾക്കിടയിലും ലഘുലേഖ വിതരണം നടത്തുക | ഏപ്രിൽ - മെയ് | ഉ ന ക ഉ പ്ര |
| മുഖ ാഷ ം | ഉർദു സംസാരിക്കുന്നവരുമായും സാഹിത്യകാരന്മാരുമായും അതിഥി തൊഴിലാളികളുമായും അഭിമുഖ സംഭാഷണം നടത്തുക. | ഫെബ്രുവരി | ഉ ന ക |
| | | | |
| | | | |
| | | | |
| | | | |

NHS 57

# മാസ്റ്റർപ്ലാൻ

ഭാഷ (അറബിക്)

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 1. മികവിന്റെ വഴിയിൽ<br>► പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമ്മിക്കൽ<br>► ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക. | 2. വായനാവസന്തം<br>► വായന മത്സരം<br>► ക്ലാസ് ലൈബ്രറി<br>► സ്കൂൾ ലൈബ്രറി<br>► വാട്സാപ്പ് ഗ്രൂപ്പ് ഇ വായന<br>► വായന കുറിപ്പുകൾ<br>► അറബിക് പത്രവായന<br>റേഡിയോ | 6 months | പത്രങ്ങൾ, മാസികകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSG<br>SMC<br>PTA<br>OSF |
| | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | 3. എഴുത്തുത്സവം<br>► എഴുത്തുകൂട്ടം<br>► പതിപ്പുകളുടെ നിർമ്മാണം<br>► വായന കുറിപ്പ് ശേഖരണം<br>► ഇന്റർനെറ്റ് മാഗസിൻ<br>► ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>► ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| | വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | 4. അറബിക് കമ്മ്യൂണിക്കേഷൻ<br>► ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>► മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>► യാത്രകൾ<br>► അറബിക് മേള ( നാടകം മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>► ഭാഷ കളികൾ അറബിക് അസംബ്ലി<br>► ഭാഷാ പ്രദർശനം<br>► ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 5. ലാംഗ്വേജ് ലാബ്<br>► സ്മാർട്ട് ക്ലാസ്റൂം .<br>► അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ആനിമേഷൻ<br>► സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 months | | BRC<br>LSG<br>SMC<br>OSF |

# ഭൗതിക മാസ്റ്റർ പ്ലാൻ

DRAFT COPY

## ഭൗതികം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം പ്രാവർത്തികമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഒരു ഘടകമാണ് അനുയോജ്യവും ആകർഷണീയവുമായ ഭൗതിക സാഹചര്യങ്ങൾ. സുരക്ഷിതവും, ശിശു സൗഹൃദപരവുമായ ഭൗതികാന്തരീക്ഷത്തിലൂടെ മാത്രമെ ഗുണമേന്മയുള്ള വിദ്യാഭ്യാസം സാധ്യമാകുകയുള്ളൂ.

## ഭൗതിക മാസ്റ്റർപ്ലാൻ

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സ്കൂളിൽ നടത്താനുദ്ദേശിക്കുന്ന ഭൗതികമായ വികസന പ്രവർത്തനങ്ങളുടെ രൂപരേഖ കെട്ടുറുപ്പുള്ളതും ആകർഷണീയവും ശിശു സൗഹൃദപരവുമായ കെട്ടിടം.

കുട്ടികൾക്ക് സ്വതന്ത്രമായി പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സൗകര്യം ഒരുക്കുംവിധമുള്ള ആകർഷകമായ ക്ലാസ് മുറികൾ

### ആധുനിക സൗകര്യങ്ങളോടുകൂടിയ ക്ലാസ് മുറിയും, സ്റ്റാഫ് റൂമും, ഓഫീസ് റൂമും

* കുട്ടികൾക്ക് വായനയിലൂടെ അറിവിന്റെ ഉയർന്ന തലങ്ങളിൽ എത്താൻ ഉതകുന്ന വിധത്തിലുള്ള ലൈബ്രറി, ഇ റീഡിംഗ് റൂമുകൾ, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, മൾട്ടിമീഡിയ റൂം, സ്മാർട്ട് ക്ലാസ് റൂം
* കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ശുചിമുറികൾ, ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ
* എല്ലാ ക്ലാസ് മുറികളിലും കുടിവെള്ള സൗകര്യം
* ശാസ്ത്ര ഗണിത ശാസ്ത്ര ലാബുകൾ
* വിശ്രമമുറി, അടുക്കള, ഡൈനിംഗ് ഹാൾ
* ജൈവ വൈവിധ്യ പാർക്ക്, ചിൽഡ്രൻസ് പാർക്ക്
* സ്കൂൾ ഹരിതവൽക്കരണം
* മാലിന്യ സംസ്കരണ പ്ലാന്റുകൾ
* ഫസ്റ്റ് എയ്ഡ് റൂം
* കായിക പരിശീലനത്തിനും വിനോദത്തിനും സൗകര്യപ്പെടും വിധം വിശാലമായ കളിസ്ഥലം
* ചുറ്റുമതിൽ
* എല്ലാ ക്ലാസുകളിലും ആവശ്യത്തിന് ഫർണിച്ചറുകൾ

| മേഖല : അനുയോജ്യവും ആകർകവുമായ ഭൗതിക സാഹചര്യം | | |
|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
| സുന്ദരവും സുരക്ഷിതവുമായ ഭൗതിക അന്തരീക്ഷം | കെട്ടുറപ്പുള്ളതും ആകർഷണീയവുമായ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br>പി.ടി.എ<br>മാനേജർ |
| ആകർഷകമായ ഭൗതിക സാഹചര്യം | ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ് മുറികൾ | പൂർവ്വ വിദ്യാർത്ഥികൾ<br>പി.ടി.എ<br>മാനേജർ |
| | മൾട്ടിമീഡിയ ക്ലാസ്റൂം | " |
| | ഇ റീഡിംഗ് റൂമുകൾ | " |
| | കമ്പ്യൂട്ടർ ലാബ് | " |
| | സ്മാർട്ട് ക്ലാസ് റൂം | " |
| | ശാസ്ത്രഗണിത ശാസ്ത്ര ലാബുകൾ | " |
| | ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റുകൾ | " |
| | റീഡിംഗ് റൂം | " |
| | ഫസ്റ്റ് എയ്ഡ് റൂം | " |
| | ലൈബ്രറി | " |
| | ഓഫീസ് റൂം, സ്റ്റാഫ് റൂം, പ്രഥമാദ്ധ്യാപക റൂം | " |
| | വിശ്രമ മുറി, അടുക്കള, ഡൈനിംഗ്ഹാൾ | " |
| | എല്ലാ ക്ലാസുകളിലും ആവശ്യമായ ഫർണിച്ചറുകൾ | " |
| | ബുള്ളറ്റിൻ ബോർഡുകൾ | " |
| | എല്ലാ റൂട്ടുകളിലേക്കും വാഹന സൗകര്യം | " |
| | വിവിധോദ്ദേശ്യ ഹാളുകൾ | " |
| | റിസോഴ്സ് റൂം | " |
| | കായിക വിദ്യാഭ്യാസ സൗകര്യം (വിശാലമായ മൈതാനം) | " |
| | ചുറ്റുമതിൽ | " |

DRAFT COPY